## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5473

## 2016 നവംബർ 2-ാം തീയതി മറുപടി നൽകേണ്ടത്

**<u>ഏറനാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

| ചോദ്യം<br><br>ശ്രീ. പി.കെ. ബഷീർ | | ഉത്തരം<br><br>ഡോ. റ്റി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2016-17 ബഡ്ജറ്റ് പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ; | 2016-17 സാമ്പത്തിക വർഷം എം.എൽ.എ-യുടെ ആസ്തിവികസന പദ്ധതിയിൻകീഴിൽ ഏറനാട് നിയോജകമണ്ഡലത്തിലേയ്ക്കായി 5 കോടി രൂപയും പ്രത്യേക വികസനനിധിയിലേയ്ക്കായി 1 കോടി രൂപ 4250-00-800-99 എന്ന ശീർഷകത്തിലും വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപ ജില്ലാ കളക്ടർക്ക് റിലീസ് ചെയ്തിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് പ്രവൃത്തികളെകുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ബഡ്ജറ്റിൽ പ്രഖ്യാപിച്ച മണ്ഡലത്തിലെ പദ്ധതികളിൽ 'കിഫ്ബി' വഴി നിർവ്വഹിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കുമോ ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ, ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ അനുമതി നൽകുന്ന പദ്ധതികളാണ് DPR അടക്കമുള്ള വിശദമായ രേഖകൾ സഹിതം ബോർഡിന്റെ പരിഗണനയ്ക്ക് വരുന്നത്. ഈ ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. നിലമ്പൂർ - നായടംപൊയിൽ റോഡ് പ്രവൃത്തി കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇവയുടെ ഭരണാനുമതിക്കുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | നിലമ്പൂർ - നായടംപൊയിൽ റോഡ് ഒഴികെ അനുബന്ധത്തിലെ മറ്റെല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |

Manjusha

**അക്കൗണ്ട്സ് ഓഫീസർ**

## അനുബന്ധം

ഏറനാട് മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികളും വകയിരുത്തിയ തുകയും നിലവിലെ സ്ഥിതിയും.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | എസ്.എച്ച്.എം ജി.എച്ച്.എസ്.എസ് ഇടവന- 50 ലക്ഷം | കരാർ ഒപ്പുവച്ചു |
| 2 | ജി.എച്ച്.എസ്.എസ് കാരക്കുന്ന് - 60 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | ജി.എച്ച്.എസ് പെരകമണ്ണ - 40 ലക്ഷം | കരാർ ഒപ്പുവച്ചു |
| 4 | ജി.യു.പി.എസ് പത്തപ്പിരിയം - 30 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ജി.എച്ച്.എസ്.എസ് കവന്നൂർ - 50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ജി.എം.യു.പി.എസ് അരീക്കോട് - 30 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | ജി.എച്ച്.എസ്.എസ് കുഴിമണ്ണ - 40 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 8 | വെറ്റിലപ്പാറ വില്ലേജ് ഓഫീസും, റെസിഡൻഷ്യൽ ബ്ലോക്കും - 50 ലക്ഷം | കരാർ ഒപ്പുവച്ചു |
| 9 | കീഴുപറമ്പ് വില്ലേജ് ഓഫീസും, ക്വാർട്ടേസും - 50 ലക്ഷം | കരാർ ഒപ്പുവച്ചു |
| 10 | പി.എച്ച്.സി പൂവത്തിക്കൽ - 25 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു |
| 11 | നിലമ്പൂർ-നായാടംപൊയിൽ റോഡ് - 15 കോടി | ഡി.പി.ആർ തയ്യാറാക്കി വരുന്നു. (KIFB) |

Mayukha
Accounts Officer